## 15 -ാം കേരള നിയമസഭ

## 12 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2192** **14-10-2024 - ൽ മറുപടിയ്ക്ക്**

## വ്യാജ റിപ്പോർട്ട് നൽകിയ സംഭവം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | അഞ്ചൽ വെസ്റ്റ് ഹയർ സെക്കൻഡറി സ്കൂളിലെ വിദ്യാർത്ഥികൾക്കെതിരെ ലീവിൽ പോയ ഉദ്യോഗസ്ഥ വ്യാജ റിപ്പോർട്ട് നൽകിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വിദ്യാർത്ഥികളെ താലൂക്കിന് വെളിയിലേക്ക് സ്ഥലം മാറ്റിയ നടപടിക്കെതിരെ ബാലാവകാശ കമ്മീഷനിൽ രക്ഷാകർത്താക്കൾ നൽകിയ പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ബാലാവകാശ കമ്മീഷനിൽ രക്ഷകർത്താക്കൾ നൽകിയ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൊല്ലം ജില്ലയിലെ അഞ്ചൽ വെസ്റ്റ് ഹയർ സെക്കന്ററി സ്കൂളിലെ വിദ്യാർത്ഥികൾ തമ്മിലുണ്ടായ സംഘർഷത്തെത്തുടർന്ന് തിരുവനന്തപുരം മേഖല ഉപമേധാവി സ്കൂളിൽ നേരിട്ടെത്തി അന്വേഷണം നടത്തി പൊതുവിദ്യാഭ്യാസ ഡയറക്ടർ മുമ്പാകെ റിപ്പോർട്ട് സമർപ്പിച്ചിരുന്നു. ടി സ്കൂളിലെ പ്ലസ് വൺ ബയോ സയൻസ് വിദ്യാർത്ഥിയെ അതേ സ്കൂളിലെ തന്നെ 4 സഹപാഠികൾ ചേർന്ന് ഗുരുതരമായി മർദ്ദിക്കുകയും ആയതിന്റെ ദൃശ്യങ്ങൾ മൊബൈലിൽ ചിത്രീകരിക്കുകയും നവമാധ്യമങ്ങൾ വഴി വ്യാപകമായി പ്രചരിപ്പിക്കുകയും ചെയ്തിരുന്നു. ടി ദൃശ്യങ്ങൾ പരിശോധിച്ചതിൽ നിന്നും കുറ്റാരോപിതരായ വിദ്യാർത്ഥികളിൽ നിന്നും അക്രമത്തിനിരയായ വിദ്യാർത്ഥിയ്ക്ക് നേരിടേണ്ടി വന്നത് ഗുരുതരമായ മർദ്ദനമാണെന്ന് വ്യക്തമായതാണ്. ടി വിദ്യാർത്ഥികൾ ഇതേ സ്കൂളിൽ തുടർന്നു പഠിച്ചാൽ ഗുരുതരമായ അനിഷ്ട സംഭവങ്ങളിലേക്കും സ്കൂളിന്റെ സമാധാനപരമായ അന്തരീക്ഷത്തെയും മോശമായി ബാധിക്കാൻ സാധ്യതയുണ്ടെന്ന സ്കൂൾ അധികൃതരുടെയും, പി റ്റി എ ഭാരവാഹികളുടെയും അഭിപ്രായത്തെത്തുടർന്നും അച്ചടക്ക നടപടികളുടെ ഭാഗമായും കുറ്റാരോപിതരായ വിദ്യാർത്ഥികളെ കൊല്ലം ജില്ലയിലെ തന്നെ വയല ഗവ. ഹയർ സെക്കന്ററി സ്കൂളിലേയ്ക്ക് ട്രാൻസ്ഫർ നൽകിയിരുന്നതാണ്. കുറ്റാരോപിതരാണെങ്കിലും വിദ്യാർത്ഥികളാണെന്നും അവരുടെ തുടർപഠനത്തെ മോശമായി ബാധിക്കരുത് എന്നതും പരിഗണിച്ച് പ്ലസ് വൺ പ്രവേശനത്തിനുളള ഏകജാലക നടപടിക്രമങ്ങൾ പൂർത്തിയാക്കിയ അന്നുതന്നെ ടി വിദ്യാർത്ഥികൾക്ക് വയല സ്കൂളിൽ അഡ്മിഷൻ നൽകിയിരുന്നതാണ്. ആയതിന്റെ |

| | | | |
|---|---|---|---|
| | | | അടിസ്ഥാനത്തിൽ ഇക്കൂട്ടത്തിൽ ഉണ്ടായിരുന്ന ഒരു വിദ്യാർത്ഥി വയല സ്കൂളിൽ പ്രവേശനം നേടിയിരുന്നതുമാണ്. എന്നാൽ ഈ വേളയിൽ സ്കൂൾ ട്രാൻസ്ഫർ ഉത്തരവിനെതിരെ മറ്റ് 3 വിദ്യാർത്ഥികളും ചേർന്ന് ബഹു.ഹൈക്കോടതിയെ സമീപിക്കുകയുണ്ടായി. അതേ വേളയിൽ ടി വിദ്യാർത്ഥികളെ സ്കൂളിൽ ട്രാൻസ്ഫർ ചെയ്ത ഉത്തരവ് നടപ്പിലാക്കണമെന്നും മർദ്ദനത്തിനിരയായ വിദ്യാർത്ഥിയ്ക്ക് തന്നെ മർദ്ദിച്ചവരോടൊപ്പം തുടർന്നു പഠിക്കാൻ മാനസികമായ ബുദ്ധിമുട്ട് ഉണ്ടെന്നും കാണിച്ച് അഞ്ചൽ സ്കൂളിലെ പി റ്റി എ യും ബഹു.ഹൈക്കോടതിയെ സമീപിച്ചിരുന്നു. ഈ രണ്ട് ഹർജികളും പരിഗണിച്ച ഹൈക്കോടതി ബന്ധപ്പെട്ട കക്ഷികളായ വിദ്യാർത്ഥികൾ, അദ്ധ്യാപകർ, പി റ്റി എ ഭാരവാഹികൾ എന്നിവർ തമ്മിൽ കൊല്ലം ഡിസ്ട്രിക്റ്റ് മീഡിയേഷൻ സെന്ററിന്റെ ആഭിമുഖ്യത്തിൽ സമവായ ചർച്ച നടത്തി പരസ്പര ധാരണയുടെ അടിസ്ഥാനത്തിൽ തീരുമാനം കൈക്കൊള്ളാൻ സാധിക്കുമോയെന്നു പരിശോധിക്കാൻ ഉത്തരവ് നൽകിയിരുന്നു. ടി സമവായ ചർച്ചയിൽ 2 വിദ്യാർത്ഥികൾ വയല സ്കൂളിനു പകരം ആയൂർ ജവഹർ സ്കൂളിൽ പ്രവേശനം നൽകണമെന്നും മറ്റൊരു വിദ്യാർത്ഥി അഞ്ചൽ സ്കൂളിൽ നിന്നും വിടുതൽ ഉത്തരവ് നൽകിയാൽ മതിയെന്നും ധാരണയാവുകയും ആയതിന്റെ അടിസ്ഥാനത്തിൽ ധാരണാപത്രം ഒപ്പിടുകയും ചെയ്തതാണ്. ടി രണ്ടു വിദ്യാർത്ഥികൾക്കും തുടർന്ന് അവർ ആവശ്യപ്പെട്ട സ്കൂളിൽ തന്നെ സർക്കാർ സാധൂകരണത്തിനു വിധേയമായി അഡ്മിഷൻ നൽകുകയും മറ്റൊരു വിദ്യാർത്ഥിയ്ക്ക് വിടുതൽ ഉത്തരവ് നൽകിയതുമാണ്. |
| (ബി) | ഈ സ്കൂളിലെ ഹയർ സെക്കൻഡറി വിഭാഗം വിദ്യാർത്ഥി, പ്രസ്തുത വ്യാജ റിപ്പോർട്ട് അടിസ്ഥാനത്തിലുള്ള നടപടിയെ തുടർന്ന് പഠനം നിർത്തിയ വിവരം ബാലാവകാശ കമ്മീഷന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | വിവരം ശേഖരിച്ചു വരുന്നു. |
| (സി) | ലീവിൽ ഇരിക്കെ ഇല്ലാത്ത അധികാരം ഉപയോഗിച്ച് വ്യാജ റിപ്പോർട്ട് നൽകി കുട്ടികളുടെ പഠന അവകാശത്തെയും ബാലാവകാശത്തെയും ഭാവിയെയും ഇല്ലാതാക്കി ഗുരുതരമായ കുറ്റകൃത്യം ചെയ്ത പ്രസ്തുത ഉദ്യോഗസ്ഥക്കെതിരെ ബാലാവകാശ കമ്മീഷനിൽ നൽകിയ പരാതിയിൽ മാതൃകാപരമായ നടപടി സ്വീകരിച്ച് വിശദാംശങ്ങൾ നിയമസഭയുടെ മേശപ്പുറത്ത് വയ്ക്കുമോ? | (സി) | അഞ്ചൽ സ്കൂളിലെ വിദ്യാർത്ഥി സംഘർഷവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം മേഖലാ ഉപമേധാവി അന്വേഷണം നടത്തി വസ്തുനിഷ്ഠമായ റിപ്പോർട്ടാണ് പൊതുവിദ്യാഭ്യാസ ഡയറക്ടർ മുമ്പാകെ സമർപ്പിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ